LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ വികസനം

80 (3512) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ ഓട്ടോക്ലേവ് പ്രവർത്തനരഹിതമായതു കാരണം ശാസ്ത്രക്രിയകൾ മുടങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അടിയന്തരമായി ഓട്ടോക്ലേവ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രവർത്തനരഹിതമായ ഓട്ടോക്ലേവ് അറ്റകുറ്റപണികൾ ചെയ്ത് 9-7-2015 മുതൽ പ്രവർത്തനക്ഷമമാക്കുകയും പുതിയത് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ

81 (3513) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ 3:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ഇതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ ;

(സി) ഒഴിവുള്ള പ്രസ്തുത തസ്തികകളിലേക്ക് ഉടൻ പ്രൊമോഷൻ നൽകാമോ ; ഇക്കാര്യത്തിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ)

ക്രമ നം.	ജില്ല	തസ്തിക	
		ചീഫ് മെഡിക്കലാഫീസർ	മെഡിക്കലാഫീസർ
1.	തിരുവനന്തപുരം	...	1
2.	കൊല്ലം	2	4
3.	പത്തനംതിട്ട	...	2
4.	ആലപ്പുഴ	2	11
5.	കോട്ടയം	1	7
6.	ഇടുക്കി	1	11
7.	എറണാകുളം	2	1
8.	തൃശ്ശൂർ	...	3
9.	പാലക്കാട്	...	2
10.	കോഴിക്കോട്	1	1
11.	വയനാട്	...	6
12.	മലപ്പുറം	1	5
13.	കണ്ണൂർ	1	5
14.	കാസർഗോഡ്	...	8

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ തസ്തികകൾ

82 (3514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ (അലോപ്പതി) ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളതെന്ന് ആശുപത്രി തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly